**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3237** **25-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പ്രൈമറി അധ്യാപകരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകൾ തുറക്കാത്തതിനാൽ പ്രൈമറി മേഖലയിൽ രണ്ടു വർഷമായി തസ്തിക നിർണ്ണയം നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; മലപ്പുറം ജില്ലയിലെ പ്രൈമറി അധ്യാപകരുടെ നിലവിലെ ഒഴിവുകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (എ) | 2020-21, 2021-22 വർഷങ്ങളിലെ തസ്തിക നിർണ്ണയം നടന്നിട്ടില്ല. ടി വർഷങ്ങളിൽ 2019-20-ലെ തസ്തിക നിർണ്ണയം തുടരുന്നതാണ്. മലപ്പുറം ജില്ലയിൽ നിലവിൽ 517 എൽ.പി.എസ്.ടി ഒഴിവുകളും 30 യു.പി.എസ്,ടി ഒഴിവുകളും ഉണ്ട്. |
| (ബി) | 516/2019 കാറ്റഗറി നമ്പർ പ്രകാരമുള്ള മലപ്പുറം ജില്ലയുടെ എൽ.പി.എസ്.ടി. ഷോർട്ട് ലിസ്റ്റിന്റെ മുഖ്യപട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം ജില്ലയിലെ അധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിന് പര്യാപ്തമല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്യോഗാർഥികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പി.എസ്.സി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം സംബന്ധിച്ച കാര്യങ്ങളിൽ പി.എസ്.സി.യാണ് തീരുമാനമെടുക്കുന്നത്. ലഭ്യമായ ഒഴിവുകൾ പി.എസ്.എസി-യെ അറിയിക്കുക മാത്രമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ചെയ്യുന്നത്. നിലവിൽ ലഭ്യമായ 517 ഒഴിവുകളും പി.എസ്.എസി-യെ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ജില്ലയിലെ പ്രൈമറി അധ്യാപക ഒഴിവുകൾ നികത്തുവാൻ സർക്കാർ തയ്യാറാകുമോ? | (സി) | പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ